# ആദിവാസി വിഭാഗങ്ങൾക്കായി കോഴിക്കോടിന്റെ 'ഊരിനൊരു തുണ'

കോവിഡ് 19 ലോക്ക്ഡൗൺ കാലത്ത് പട്ടികവർഗ്ഗ മേഖലയിലെ ജനങ്ങൾക്ക് തുണയായി കുടുംബശ്രീ കോഴിക്കോട് ജില്ലാ ടീമിന്റെ 'ഊരിനൊരു തുണ' പരിപാടി. ആദിവാസി ഊരുകളിലെ 60 വയസ്സിനു മുകളിൽ പ്രായമുള്ളവരടങ്ങുന്ന കുടുംബങ്ങളുൾപ്പെടെ ഫോൺ മുഖേന ബന്ധപ്പെട്ട് അവർ നേരിടുന്ന വിഷമതകൾ മനസ്സിലാക്കുന്നതിനും പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും ജില്ലയിലെ ട്രൈബൽ വിഭാഗത്തിന്റെ നേതൃത്വത്തിലാണ് ഈ പരിപാടി നടപ്പിലാക്കുന്നത്. കഴിഞ്ഞ രണ്ടാഴ്ചയായി ഈ പ്രവർത്തനങ്ങൾ മികച്ച നിലയിൽ ജില്ലയിൽ പുരോഗമിക്കുന്നു.

ട്രൈബൽ വിഭാഗം ചുമതലയുള്ള അസിസ്റ്റന്റ് ജില്ലാമിഷൻ കോർഡിനേറ്റർ, ട്രൈബൽ വിഭാഗം ജില്ലാ പ്രോഗ്രാം മാനേജർ, ആനിമേറ്റർമാർ എന്നിവരുൾപ്പെടുന്ന വാട്സാപ്പ് ഗ്രൂപ്പുകൾ മുഖേനയാണ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. ആനിമേറ്റർമാർ അവരവരുടെ പ്രദേശങ്ങളിലെ വീടുകളിലേക്ക് രാവിലെ 10 മണിക്ക് മുൻപായി വിളിക്കുകയും വിവരങ്ങൾ അന്വേഷിച്ചറിയുകയും ഇതേക്കുറിച്ച് ഗ്രൂപ്പിൽ റിപ്പോർട്ട് ചെയ്യുകയും ചെയ്യുന്നു. ആവശ്യങ്ങൾ ഉണ്ടെങ്കിൽ പ്രോഗ്രാം മാനേജർ ആ വിവരം എ.ഡി.എം.സി യെ അറിയിക്കുന്നു. ബന്ധപ്പെട്ട സി.ഡി.എസ് ചെയർപേഴ്സൺ, തദ്ദേശ സ്ഥാപന അധികൃതർ എന്നിവരുമായി ചേർന്ന് എ.ഡി.എം.സി ഈ പ്രശ്നങ്ങൾക്കുള്ള പരിഹാരം കാണാൻ ശ്രമിക്കുന്നു. അതത് ദിവസം വൈകുന്നേരത്തിനുള്ളിൽത്തന്നെ പ്രശ്നം പരിഹരിക്കുന്നു എന്ന പ്രത്യേകതയും ഈ പരിപാടിക്കുണ്ട്.

ഈ പരിപാടിയുടെ ഭാഗമായി താഴെ പറയുന്ന പ്രധാന പ്രവർത്തനങ്ങൾ ജില്ലയിലെ വിവിധ ഇടങ്ങളിൽ നടത്തിക്കഴിഞ്ഞു.

1. മുക്കം മുനിസിപ്പാലിറ്റി പരിധിയിൽ മരുന്ന് തീർന്ന ആളുകൾക്കു വേണ്ടി മരുന്ന് എത്തിച്ച് നൽകാനും മുനിസിപ്പാലിറ്റിയുടെ സംയോജനത്തോടെ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കാനും, പച്ചക്കറി കിറ്റ് വിതരണം നടത്താനും കഴിഞ്ഞു.

2.നന്മണ്ട പഞ്ചായത്തിൽ തെങ്ങിൽ നിന്നും വീണു കിടപ്പിലായ വ്യക്തിക്ക് മരുന്നും ഭക്ഷണവും ഉൾപ്പെടെ അവശ്യസഹായം എത്തിക്കാൻ കഴിഞ്ഞു.

3.വാണിമേൽ പഞ്ചായത്തിലെ ഹൃദ്രോഗമുള്ള വ്യക്തിക്ക് മരുന്ന് എത്തിച്ചു നൽകി.

ബ്ലോക്ക് കോർഡിനേറ്റർമാരെ ഉൾപ്പെടുത്തി കൂടുതൽ വിപുലമായി പദ്ധതി നടപ്പാക്കുന്നതിനും ജില്ല തീരുമാനിച്ചിട്ടുണ്ട്.